**പതിമൂന്നാം കേരളനിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2169 22.01.2014 ന് മറുപടിയ്ക്ക്.

**അയ്യമ്പുഴ, മൂക്കന്നൂർ പഞ്ചായത്തുകളിൽ ഇലക്ട്രിക് ഫെൻസിംഗ്**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജോസ് തെറ്റയിൽ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) അങ്കമാലി നിയോജക മണ്ഡലത്തിലെ അയ്യമ്പുഴ പഞ്ചായത്തിലെ പ്ലാന്റേഷൻ, ചുള്ളി, പാണ്ടപാറ, കണ്ണിമംഗലം, അയ്യമ്പുഴ തുടങ്ങിയ സ്ഥലങ്ങളിലേയും മൂക്കന്നൂർ പഞ്ചായത്തിലെ വെള്ളപ്പാറ എന്ന പ്രദേശത്തും കാട്ടാനകളുടേയും കാട്ടുമൃഗങ്ങളുടേയും ആക്രമണം രൂക്ഷമായതു സംബന്ധിച്ച് നിരവധി നിവേദനങ്ങൾ സമർപ്പിച്ചിട്ടും ഇലക്ട്രിക് ഫെൻസിംഗ് ഉൾപ്പെടെയുള്ള സംരക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്താത്തതിനുള്ള കാരണം വിശദമാക്കാമോ ; | (എ) അങ്കമാലി നിയോജക മണ്ഡലത്തിലെ അയ്യമ്പുഴ പഞ്ചായത്തിലെ പ്ലാന്റേഷൻ, ചുള്ളി, പാണ്ടപാറ, കണ്ണിമംഗലം, അയ്യമ്പുഴ തുടങ്ങിയ പ്രദേശങ്ങളിൽ കാട്ടാനശല്യം, വന്യമൃഗശല്യം എന്നിവ തടയുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പ്രദേശത്ത് 3 കിലോമീറ്റർ ദൂരം സോളാർ ഫെൻസിംഗ് നിർമ്മാണം നടത്തുകയും വനപാലകരുടെ നേതൃത്വത്തിൽ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നുണ്ട്. ഈ സാമ്പത്തിക വർഷം നെല്ലിച്ചുവട്-വെള്ളപ്പാറ വനാതിർത്തിയിൽ 1.5 കിലോമീറ്ററും, ചുള്ളി-അയ്യമ്പുഴ വനാതിർത്തിയിൽ 1.5 കിലോമീറ്ററും സോളാർ ഫെൻസിംഗ് നിർമ്മാണ പ്രവർത്തികൾ ടെന്റർ ചെയ്തു നിർമ്മാണം ഉടനെ പൂർത്തീകരിക്കുന്നതാണ്. ഫണ്ടിന്റെ അപര്യാപ്തതയാണ് ജോലികൾ മുൻകാലങ്ങളിൽ ഏറ്റെടുക്കുന്നതിന് തടസ്സമായത്. |
| (ബി) പ്രസ്തുത സംവിധാനങ്ങൾ എന്നത്തേക്ക് സ്ഥാപിക്കുമെന്ന് വ്യക്തമാക്കാമോ ? | (ബി) ആരംഭിച്ച പ്രവർത്തികൾ ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.